# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 813 — 30.06.2015 - ൽ മറുപടിയ്ക്ക്

## കാസർഗോഡ് ആയുർവേദ ആശുപത്രിയിലെ ഐ.പി.യൂണിറ്റിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ആയുർവേദ ആശുപത്രിയിൽ നിലവിൽ ഐ.പി. യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) | ഉണ്ട്. 10 ബെഡ്ഡുള്ള ആശുപത്രിയായി പ്രവർത്തിച്ചുവരുന്നു. |
| (ബി) | നിലവിലുള്ള ബെഡ് സ്ട്രങ്ത് 10 നിന്ന് 30 ആക്കി ഉയർത്തുന്നതിന് മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (ബി) & (സി) | തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് ഗവൺമെന്റ് ആയുർവേദ ആശുപത്രി 22.01.2014 ലെ സ.ഉ(കൈ) 26/14/ആ.കു.വ നമ്പർ പ്രകാരം 30 ബെഡ്ഡായി ഉയർത്തിയിട്ടുണ്ട്. |
| (സി) | ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; ഇല്ലെങ്കിൽ ഇതുവരെ ഉത്തരവ് പുറപ്പെടുവിക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ ; | | |
| (ഡി) | എൻഡോസൾഫാൻ ദുരിതബാധിതരുള്ള കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിലെ ഏക ഐ.പി. യൂണിറ്റുള്ള ആയുർവേദ ആശുപത്രി എന്ന പരിഗണന നൽകി ആവശ്യമായ തസ്തിക അനുവദിച്ച് മന്ത്രിസഭാ തീരുമാനപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിമൂലം ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നു. ഈ വിഷയം വീണ്ടും സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ